**കേരള സർക്കാർ**

**സംഗ്രഹം**

തദ്ദേശ സ്വയം ഭരണ വകുപ്പ് – സംസ്ഥാനത്ത് കോവിഡ് – 19 പ്രതിരോധ പ്രവർത്തനങ്ങളുമായി ബന്ധപ്പെട്ട് തദ്ദേശ സ്വയം ഭരണ സ്ഥാപനങ്ങൾ ഏറ്റെടുക്കേണ്ട പ്രവർത്തനങ്ങളും ഉത്തരവാദിത്വങ്ങളും സംബന്ധിച്ച് – ഉത്തരവ് പുറപ്പെടുവിക്കുന്നു.

===========================================================

**തദ്ദേശ സ്വയം ഭരണ (ഡി.എ) വകുപ്പ്**

**സ.ഉ.(കൈ) നം. 55/2020//ത.സ്വ.ഭ.വ. തീയതി തിരുവനന്തപുരം 20/03/2020**

===========================================================

പരാമർശം :- 1) 16/03/2020 - ലെ സ.ഉ.(ആർ.ടി.) നം.580/2020/H&FWD ഉത്തരവ്
2) 14/03/2020 - ലെ സ.ഉ.(സാധാ)നം.620/2020/ത.സ്വ.ഭ.വ. ഉത്തരവ്
3) 01/02/2020 - ലെ ഡി.സി. 1/71/2020/ത/സ്വ.ഭ.വ. നമ്പർ സർക്കുലർ.

**ഉത്തരവ്**

ലോകാരോഗ്യ സംഘടന കോവിഡ് -19 നെ മഹാമാരിയായി പ്രഖ്യാപിച്ച സാഹചര്യത്തിൽ സംസ്ഥാനത്ത് കോവിഡ് -19 പ്രതിരോധ പ്രവർത്തനങ്ങൾ ഏകോപിപ്പിക്കുന്നതിനു വേണ്ടി വിവിധ സർക്കാർ വകുപ്പുകൾ വഹിക്കേണ്ട ചുമതലകളും ഉത്തരവാദിത്വങ്ങളും നിർവ്വഹിക്കുന്നതിനും പരാമർശം (1) പ്രകാരം ഉത്തരവായിരുന്നു. കോവിഡ് -19 പ്രതിരോധ പ്രവർത്തനങ്ങളിൽ തദ്ദേശ സ്വയം ഭരണ വകുപ്പിന് പ്രധാന പങ്ക് വഹിക്കാനുണ്ട്. പരാമർശം (2), (3) പ്രകാരം കോവിഡ് -19 വൈറസ് ബാധയുടെ പ്രാഥമിക ഘട്ടത്തിൽ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ നേതൃത്വത്തിൽ സ്വീകരിക്കേണ്ട പ്രതിരോധ നടപടികൾ സംബന്ധിച്ച് ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ടായിരുന്നു. എന്നാൽ ഇന്ന് ലോകത്താകമാനം കോവിഡ് -19 വ്യാപനം അസാധാരണമായ ആരോഗ്യ ഭീഷണിയാണ് ഉയർത്തിയിരിക്കുന്നത്. കേരളത്തിലെ ആരോഗ്യ പരിപാലന രംഗത്തെ മഹത്തായ പാരമ്പര്യം, ഗ്രാമ തലം മുതൽ അർപ്പണ മനോഭാവത്തോടെ അണിചേരുന്ന ആരോഗ്യ പ്രവർത്തകർ എന്നതിനെയൊക്കെ വെല്ലുവിളിക്കുന്ന സാഹചര്യമാണ് ഇന്നുള്ളത്. സാമൂഹ്യ വ്യാപനത്തിലേക്ക് കടക്കാതെ കോവിഡ് -19 നെ പ്രതിരോധിക്കാൻ ജനകീയ കൂട്ടായ്മയും, നേതൃത്വവും, നിതാന്ത ജാഗ്രതയും ആവശ്യമുണ്ട്. ആയതിനാൽ സംസ്ഥാന സർക്കാരിനും, ആരോഗ്യ വകുപ്പിനും ഒപ്പം തദ്ദേശ സ്വയം ഭരണ സ്ഥാപനങ്ങളിലെ ജനപ്രതിനിധികളും ഉദ്യോഗസ്ഥന്മാരും നേതൃത്വപരമായ പങ്ക് വഹിക്കേണ്ടതുണ്ട്. ആയതിനാൽ കോവിഡ് -19 വൈറസ്സിന്റെ സാമൂഹ്യവ്യാപനം നിയന്ത്രിക്കുന്നതിന് തദ്ദേശ സ്വയം ഭരണ സ്ഥാപനങ്ങൾ അവരവരുടെ പ്രദേശങ്ങളിൽ ഏറ്റെടുത്ത് നടപ്പാക്കേണ്ട പ്രവർത്തനങ്ങൾ അനുബന്ധം 1 ആയി ചേർത്ത് ഉത്തരവ് പുറപ്പെടുവിക്കുന്നു. തദ്ദേശ സ്വയം ഭരണ സ്ഥാപനം സമയാസമയങ്ങളിൽ റിപ്പോർട്ട് നൽകേണ്ട ഫോർമാറ്റുകൾ ഇതോടൊപ്പം അനുബന്ധം 2 ആയി ഉൾപ്പെടുത്തിയിരിക്കുന്നു.

ഗവർണറുടെ ഉത്തരവിൻ പ്രകാരം

**ശാരദ മുരളീധരൻ**

**പ്രിൻസിപ്പൽ സെക്രട്ടറി**

പഞ്ചായത്ത് ഡയറക്ടർ

നഗരകാര്യ ഡയറക്ടർ

ഗ്രാമ വികസന കമ്മീഷണർ

ചീഫ് എഞ്ചിനീയർ തദ്ദേശ സ്വയം ഭരണ വകുപ്പ്

എല്ലാ ജില്ലാ ആസൂത്രണ സമിതി അധ്യക്ഷന്മാർ

എല്ലാ ജില്ലാ പ്ലാനിംഗ് ഓഫീസർമാർക്കും

എല്ലാ ഗ്രാമപഞ്ചായത്ത് പ്രസിഡന്റ്മാർക്കും  സെക്രട്ടറിമാർക്കും

എല്ലാ ബ്ലോക്ക് പഞ്ചായത്ത് പ്രസിഡന്റ്മാർക്കും  സെക്രട്ടറിമാർക്കും

എല്ലാ ജില്ലാ പഞ്ചായത്ത് പ്രസിഡന്റ്മാർക്കും  സെക്രട്ടറിമാർക്കും

എല്ലാ കോർപറേഷൻ സെക്രട്ടറിമാർക്കും

എല്ലാ നഗര സഭ ചെയർമാന്മാർക്കും സെക്രട്ടറിമാർക്കും

ഡയറക്ടർ കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

ചെയർമാൻ സ്റ്റേറ്റ് റിസോഴ്സ് ഗ്രൂപ്പ്

എക്സിക്യൂട്ടീവ് ഡയറക്ടർ ഇൻഫർമേഷൻ കേരള മിഷൻ

കരുതൽ ഫയൽ/ഓഫീസ് കോപ്പി

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ

പകർപ്പ്

തദ്ദേശ സ്വയം ഭരണ വകുപ്പ് മന്ത്രിയുടെ പ്രൈവറ്റ് സെക്രട്ടറിക്ക്

തദ്ദേശ സ്വയം ഭരണ വകുപ്പ് പ്രിൻസിപ്പൽ സെക്രട്ടറിയുടെ പി എയ്ക്ക്

തദ്ദേശ സ്വയം ഭരണ വകുപ്പ് സ്പെഷ്യൽ സെക്രട്ടറിയുടെ പി എയ്ക്ക്

**അനുബന്ധം 1**

## കോവിഡ് -19 പ്രതിരോധ നടപടികൾ

### തദ്ദേശ സ്വയം ഭരണ സ്ഥാപനങ്ങളുടെ ചുമതലകളും ഉത്തരവാദിത്വങ്ങളും

ലോകാരോഗ്യ സംഘടന മഹാമാരിയായി പ്രഖ്യാപിച്ചതും, കേന്ദ്ര സർക്കാർ ദേശീയ ദുരന്തമായി പ്രഖ്യാപിച്ചതുമായ കോവിഡ് -19നെ പ്രതിരോധിക്കുന്നതിൽ സംസ്ഥാന സർക്കാരിനോടും ആരോഗ്യ വകുപ്പിനോടുമൊപ്പം തദ്ദേശ സ്വയം ഭരണ വകുപ്പിനും തദ്ദേശ സ്വയം ഭരണ സ്ഥാപനങ്ങൾക്കും പ്രധാന പങ്ക് വഹിക്കാനുണ്ട്. ആരോഗ്യ രംഗത്ത് നാം കാണിച്ച ജാഗ്രത തുടരേണ്ടതുണ്ട്. മാത്രമല്ല വീടുകളിൽ ഐസോലെഷനിൽ കഴിയുന്നവർക്കും കുടുംബത്തിനും സാമൂഹ്യ പിന്തുണയും പരിചരണവും നൽകണം. സമൂഹത്തിൽ കൂടുതൽ പരിഗണന ലഭിക്കേണ്ട ജനവിഭാഗങ്ങൾക്ക് ഈ പ്രത്യേക സാഹചര്യത്തിൽ നമ്മുടെ ശ്രദ്ധയും, ബോധവൽക്കരണവും, പരിചരണവും ഉറപ്പാക്കേണ്ടതുണ്ട്. ഭാവിയിൽ ഏറ്റെടുക്കേണ്ടി വരാവുന്ന പ്രവർത്തനങ്ങൾക്കുള്ള തയ്യാറെടുപ്പും ഉറപ്പാക്കണം. ആയതിനാൽ കോവിഡ് -19നെ പ്രതിരോധിക്കുന്നതിന് താഴെ സൂചിപ്പിക്കുന്ന പ്രവർത്തനങ്ങളിൽ തദ്ദേശ സ്വയം ഭരണ സ്ഥാപനങ്ങൾ ആരോഗ്യ വകുപ്പുമായി യോജിച്ച് പ്രവർത്തിക്കേണ്ടതാണ്.

1. **ബോധവൽക്കരണ പ്രവർത്തനങ്ങൾ:-**

സംസ്ഥാന ആരോഗ്യ വകുപ്പിന്റെ മാർഗ്ഗ നിർദ്ദേശങ്ങൾക്കനുസരിച്ച് സമൂഹത്തിൽ ബോധവൽക്കരണ പ്രവർത്തനങ്ങൾ സംഘടിപ്പിക്കേണ്ടതാണ്. രോഗ വ്യാപന സാധ്യതകൾ, പ്രതിരോധ മാർഗ്ഗങ്ങൾ, രോഗം പടരാതെ നോക്കേണ്ടതിന്റെ ആവശ്യകത എന്നിവയെ കുറിച്ച് അവബോധം സൃഷ്ടിക്കേണ്ടതുണ്ട്. താഴെ പറയുന്ന പ്രത്യേക വിഭാഗങ്ങളിലെ ബോധവൽക്കരണ പ്രവർത്തനങ്ങൾക്ക് ഊന്നൽ നൽകുക .

i. വയോജനങ്ങളും സാന്ത്വന ചികിത്സയിലുള്ളവരും
ii. പട്ടിക ജാതി പട്ടിക വർഗ്ഗ വിഭാഗങ്ങൾ - കോളനികൾ
iii. തീരദേശ വാസികൾ
iv. ചേരികളിൽ താമസിക്കുന്നവർ
v. കെയർ ഹോമുകളിലെ അന്തേവാസികൾ
vi. തൊഴിലുറപ്പ് പദ്ധതി തൊഴിലാളികൾ
vii. കുടുംബശ്രീ അയൽക്കൂട്ട അംഗങ്ങൾ
viii. അതിഥി തൊഴിലാളികൾ

**ബ്രെയ്ക്ക് ദി ചെയിൻ -സാമൂഹ്യ അകലം പാലിക്കൽ പ്രൊട്ടോക്കോൾ**

കോവിഡ് -19ന്റെ സാമൂഹ്യ വ്യാപനം തടയുന്നത്തിന്റെ ഭാഗമായി സംസ്ഥാന സർക്കാർ 'ബ്രെയ്ക്ക് ദി ചെയിൻ' എന്ന സാമൂഹ്യ അകലം പാലിക്കൽ പ്രൊട്ടോക്കോൾ പുറപ്പെടുവിച്ചിട്ടുണ്ട്. ജനങ്ങൾക്കിടയിൽ അവയെ കുറിച്ചുള്ള ബോധവൽക്കരണവും ആവശ്യമാണ് .

i. കൈ കഴുകുന്നതിന് -സാനിറ്റൈസർ /സോപ്പ് ഉപയോഗിക്കൽ
ii. ഇക്കാര്യത്തിൽ മുകളിൽ സൂചിപ്പിച്ച വിഭാഗങ്ങൾക്കിടയിൽ മറ്റുള്ളവർക്കൊപ്പം പ്രത്യേക ബോധവൽക്കരണം.
iii. ജനങ്ങൾ ഒത്തുകൂടുന്ന സ്ഥാപനങ്ങളായ സ്കൂളുകൾ, സിനിമാ തിയേറ്ററുകൾ, മാളുകൾ, ആഡിറ്റോറിയങ്ങൾ മാർക്കറ്റുകൾ എന്നിവയിൽ ബ്രെയ്ക്ക് ദി ചെയിൻ പ്രൊട്ടോക്കോൾ പ്രചരിപ്പിക്കൽ . നാട്ടിൽ രൂപപ്പെടുന്ന ആൾക്കൂട്ടം താൽക്കാലികമായെങ്കിലും നിരുത്സാഹപ്പെടുത്തൽ.
iv. ടാക്സി ഡ്രൈവർമാർ, ഓട്ടോ ഡ്രൈവർമാർ, പാൽ, പത്രം വിതരണക്കാർ എന്നിവർക്കിടയിൽ ബോധവൽക്കരണം നടത്തണം.
v. ATM, Swiping Machine, ലിഫ്റ്റുകൾ തുടങ്ങിയവയ്ക്ക് സമീപം സാനിറ്റൈസർ ഉറപ്പാക്കണം.
vi. പ്രതിരോധ സാമഗ്രികളുടെ ലഭ്യത ഉറപ്പാക്കണം.

ഇവയെല്ലാം പാലിക്കപ്പെടുന്നു എന്ന് ഉറപ്പാക്കുകയും വേണം.

2. **പരിസര ശുചീകരണം:-**

രോഗങ്ങൾ പടരുന്നത് തടയുന്നതിൽ പരിസര ശുചിത്വത്തിന് പ്രധാന പങ്കാണുള്ളത്. താഴെ പറയുന്ന സ്ഥലങ്ങളിൽ ശുചീകരണം ഉറപ്പാക്കണം

a. തദ്ദേശ സ്വയം ഭരണ സ്ഥാപന ഓഫീസ് ഉൾപ്പെടെ പൊതു ഓഫീസുകൾ
b. പൊതു സ്ഥലങ്ങൾ - ബസ് സ്റ്റാന്റ്, മാർക്കറ്റ് മുതലായവ
c. ഉപയോഗിച്ച മാസ്കുകൾ, ഗ്ലൗസുകൾ എന്നിവ വീടുകളിൽ വച്ചോ, സ്ഥാപനങ്ങളിൽ വച്ചോ, ശേഖരണ സ്ഥലങ്ങളിൽ വച്ചോ അണുബാധ ഇല്ലാതാക്കി സംസ്കരിക്കുവാൻ നിർദ്ദേശം നൽകണം. അല്ലെങ്കിൽ അവ പൊതു കളക്ഷൻ സെന്ററിൽ ശേഖരിച്ച് അണുബാധ ഇല്ലാതാക്കി സംസ്കരിക്കണം.

3. **വീട്ടിലെ ഐസോലെഷനിൽ കഴിയുന്നവരുമായി ബന്ധപ്പെട്ട പ്രവർത്തനങ്ങൾ**

സർക്കാർ നിർദ്ദേശമനുസരിച്ച് വീട്ടിൽ ഐസോലെഷനിൽ കഴിയുന്നവരുടെ വിവരങ്ങൾ കൃത്യമായി മോണിട്ടർ ചെയ്യണം. അവർക്ക് സാമൂഹ്യ പിന്തുണ നൽകേണ്ട സമയമാണ്. പ്രധാനമായി താഴെ പറയുന്ന കാര്യങ്ങൾ ഉറപ്പാക്കണം.

a. വിദേശത്തുനിന്ന് വന്നവരെ സംബന്ധിച്ച വിവരങ്ങൾ(സർക്കാർ മാർഗ്ഗനിർദ്ദേശങ്ങൾക്കനുസരിച്ച്) ആരോഗ്യവകുപ്പിനെ അറിയിക്കുക

b. വീട്ടിലെ ഐസോലെഷനിൽ കഴിയുന്നവരെ കൃത്യമായി മോണിട്ടർ ചെയ്യുക
c. ആരോഗ്യ വകുപ്പിന്റെ മാർഗ്ഗനിർദ്ദേശങ്ങളെ കുറിച്ച് കുടുംബാംഗങ്ങൾക്ക് ബോധവൽക്കരണം ഉറപ്പാക്കണം.
d. അവർക്ക് ആവശ്യമായ കമ്മ്യൂണിറ്റി കൗൺസിലിംഗ് ഏർപ്പാടാക്കണം.
e. ആവശ്യമുള്ള കുടുംബങ്ങൾക്ക് ഭക്ഷ്യ വസ്തുക്കൾ ഉറപ്പാക്കണം. ആയതിലേക്ക് വീടുകളിൽ ഐസൊലേഷനിൽ കഴിയുന്നവർക്ക് സാധന സാമഗ്രികളെത്തിക്കുവാൻ ടാക്സി ഡ്രൈവർമാർ, ഓട്ടോ ഡ്രൈവർമാർ എന്നിവരുടെ സഹായം തേടാവുന്നതാണ്.

4. **നിലവിലുള്ള കമ്മിറ്റികളെ പ്രവർത്തനക്ഷമമാക്കൽ:-**

ഓരോ പ്രദേശങ്ങളിലും പല ആവശ്യങ്ങൾക്കായി രൂപീകരിച്ച വിവിധ തരം കമ്മിറ്റികൾ നിലവിലുണ്ട്. അവയെല്ലാം ഈ സാഹചര്യത്തിൽ പ്രവർത്തനക്ഷമമാക്കണം. ഉദാഹരണമായി

a. വാർഡ് ഹെൽത്ത് കമ്മിറ്റികൾ
b. ആരോഗ്യ ജാഗ്രതാ സമിതികൾ
c. ദുരന്ത നിവാരണ പദ്ധതി പ്രവർത്തനങ്ങളുടെ ഭാഗമായി രൂപീകരിച്ച എമർജൻസി റെസ്പോൺസ് ടീമുകൾ

5. **അവശ്യ സാധനങ്ങളുടെ ലഭ്യത :-**

നിലവിലുള്ള സാഹചര്യം തുടർന്നാൽ ഭക്ഷ്യ ക്ഷാമം ഉൾപ്പെടെ ഉണ്ടാകാനുള്ള സാഹചര്യം പ്രതിരോധിക്കേണ്ടതായി വരും. ആയതിനാൽ ചുവടെ പറയുന്ന കാര്യങ്ങളിൽ ശ്രദ്ധ വേണം.

a. ഭക്ഷ്യ സിവിൽ സപ്ലൈസുമായി ബന്ധപ്പെട്ട് അവശ്യ ഭക്ഷ്യ ധാന്യങ്ങളുടെ ലഭ്യത ഉറപ്പാക്കൽ
b. മെഡിക്കൽ സ്റ്റോറുകളിൽ ജനറിക്ക് മരുന്നുകളുടെ ലഭ്യത ഉറപ്പാക്കുകയും നിരീക്ഷിക്കുകയും ചെയ്യുക
c. കൃത്രിമ ക്ഷാമം ഉണ്ടാകുന്നുണ്ടോ എന്ന് നിരീക്ഷിച്ച് ജില്ലാ കളക്ടർക്ക് റിപ്പോർട്ട് ചെയ്യുക.

6. **പ്രതിരോധ സംവിധാനങ്ങളെ പട്ടികപ്പെടുത്തൽ :-**

6.1 കോവിഡ് -19 വ്യാപനം തടയുന്നതിന് നിരവധി പ്രതിരോധ സംവിധാനങ്ങൾ ആവശ്യമായി വന്നേക്കാം. തദ്ദേശ സ്വയം ഭരണ സ്ഥാപന പ്രദേശത്ത് ലഭ്യമാക്കാവുന്ന പ്രതിരോധ സംവിധാനങ്ങളെ കുറിച്ച് കൃത്യമായ വിവരം ശേഖരിച്ച് പട്ടികപ്പെടുത്തണം. ജില്ലാ കലക്ടർമാർക്ക് പ്രസ്തുത വിവരങ്ങൾ സമയബന്ധിതമായി ലഭ്യമാക്കണം.

a. മെഡിക്കൽ റിസോഴ്സ് (സർക്കാർ /സർക്കാരേതരം )

   i. ഡോക്ടർമാർ, നേഴ്സുമാർ, മറ്റ് പരാമെഡിക്കൽ സ്റ്റാഫംഗങ്ങൾ
   ii. മെഡിക്കൽ വിദ്യാർത്ഥികൾ
   iii. പാലിയേറ്റീവ് കെയർ പ്രവർത്തകർ

b. കമ്മ്യൂണിറ്റി റിസോഴ്സ് പേഴ്സൺമാർ, യുവജന ക്ലബ്ബുകൾ, സന്നദ്ധ പ്രവർത്തകർ

   i. വീട്ടിലെത്തി കൗൺസിലിംഗ് ചെയ്യുന്നതിന്
   ii. ഭക്ഷണം വിതരണം ചെയ്യുന്നതിന്

c. ആരോഗ്യ സ്ഥാപന സൗകര്യങ്ങൾ

   i. ആശുപത്രികൾ - പൊതു / സ്വകാര്യ ഉടമസ്ഥതയിലുള്ളവയുടെയും ലിസ്റ്റും കിടക്കകളുടെ എണ്ണവും
   ii. ഐ.സി.യു കളുടെ എണ്ണവും കിടക്കകളുടെ എണ്ണവും
   iii. വെന്റിലേറ്ററുകളുടെ എണ്ണം
   iv. ഓക്സിജൻ സിലിണ്ടറുകളുടെ എണ്ണം
   v. എക്സ്റെ സൗകര്യങ്ങൾ
   vi. സ്കാനിംഗ് സൗകര്യങ്ങൾ
   vii. ECG, EEG സൗകര്യങ്ങൾ
   viii. ആംബുലൻസ് (സർക്കാർ/സ്വകാര്യ ഉടമസ്ഥതയിലുള്ളവയുടെ എണ്ണം)

d. താമസ സൗകര്യങ്ങൾ

ഏതെങ്കിലും സാഹചര്യങ്ങളിൽ ഐസോലെഷനോ, താമസത്തിനോ ഉപയോഗിക്കാവുന്നവ .

   i. ഒഴിഞ്ഞു കിടക്കുന്ന ആശുപത്രികൾ
   ii. ഹോസ്റ്റലുകൾ - സർക്കാർ / സ്വകാര്യ ഉടമസ്ഥതയിലുള്ള കോളെജുകളുടെയും സ്കൂളുകളുടെയും ലിസ്റ്റും കിടത്താവുന്നവരുടെ എണ്ണവും.
   iii. പരിശീലന സ്ഥാപനങ്ങളിലെ കിടക്കകളുടെ എണ്ണം
   iv. ലോഡ്ജുകളുടെ കിടക്കകളുടെ എണ്ണം
   v. താമസ സൗകര്യമുള്ള ഒഴിഞ്ഞു കിടക്കുന്ന വീടുകൾ, കെട്ടിടങ്ങൾ മുതലായവ

### 6.2 പ്രത്യേക പരിഗണന നൽകേണ്ട വിഭാഗങ്ങൾ

വാർഡ് മെമ്പറുടെ നേതൃത്വത്തിൽ ആരോഗ്യ പ്രവർത്തകർ, അങ്കണവാടി വർക്കർ, കുടുംബശ്രീ സന്നദ്ധ പ്രവർത്തകർ, ആരോഗ്യ സേനാ പ്രവർത്തകർ, എസ്.സി. / എസ്.ടി.പ്രൊമോട്ടർമാർ, സ്ഥലത്ത് താമസമുള്ള സന്നദ്ധരായ സർക്കാർ ഉദ്യോഗസ്ഥർ എന്നിങ്ങനെയുള്ള കമ്മ്യൂണിറ്റി ഗ്രൂപ്പ് രൂപീകരിക്കണം. ഇവർ കിടപ്പ് രോഗികളും, മറ്റ് രോഗങ്ങൾ ഉള്ളവരുമായ വയോജനങ്ങളെ സംബന്ധിച്ച വിവരങ്ങൾ ശേഖരിക്കുകയും പെട്ടന്ന് വൈദ്യ

സഹായം ആവശ്യമായി വന്നാൽ ആംബുലൻസ് ഉൾപ്പെടെയുള്ള സഹായം ഉറപ്പാക്കുകയും വേണം.

പ്രദേശത്തെ താഴെ സൂചിപ്പിക്കുന്ന വിഭാഗങ്ങളുടെ വിവരങ്ങളും ശേഖരിക്കേണ്ടതുണ്ട്.

vi. വിഭിന്ന ശേഷിയുള്ളവർ
vii. ഗർഭിണികൾ
viii. പട്ടിക ജാതി പട്ടിക വർഗ്ഗ വിഭാഗങ്ങൾ
ix. തീരദേശ വാസികൾ
x. ചേരികളിൽ താമസിക്കുന്നവർ
xi. കെയർ ഹോമുകളിലെ അന്തേവാസികൾ
xii. തൊഴിലുറപ്പ് പദ്ധതി തൊഴിലാളികൾ
xiii. അതിഥി തൊഴിലാളികൾ

- ടി വിവരങ്ങൾ Annexure - 2 ആയി നൽകിയിട്ടുള്ള റിപ്പോർട്ടിംഗ് ടെമ്പ്ലേറ്റ് പ്രകാരം ഒരാഴ്ചക്കുള്ളിൽ പൂരിപ്പിച്ച് ബന്ധപ്പെട്ട ജില്ല / റീജിയണൽ ഓഫീസ് വഴി പഞ്ചായത്ത് ഡയറക്ടർ / നഗരകാര്യ ഡയറക്ടർ / സി.ആർ.ഡി.യ്ക്ക് സമർപ്പിക്കേണ്ടതാണ്. സമയനിഷ്ഠ തദ്ദേശ സ്വയം ഭരണ സ്ഥാപന സെക്രട്ടറി ഉറപ്പു വരുത്തണം.

**7. പ്രവർത്തനങ്ങൾ ചിട്ടപ്പെടുത്തൽ**

- കോവിഡ് -19 പ്രതിരോധ പ്രവത്തനങ്ങളിൽ തദ്ദേശ സ്വയം ഭരണ സ്ഥാപനങ്ങൾ ശ്രദ്ധാപൂർവ്വമായ ഇടപെടൽ നടത്തേണ്ടതുണ്ട്.
- അസാധാരണ സാഹചര്യത്തെ അസാധാരണമായ ജനകീയ കൂട്ടായ്മയിലൂടെയും, ബോധവൽക്കരണ പ്രവർത്തനങ്ങളിലൂടെയും, വ്യക്തമായ മോണിട്ടറിംഗിലൂടെയും മാത്രമേ തരണം ചെയ്യാൻ സാധിക്കൂ.
- ഭീതി പരത്തുകയല്ല പകരം ജാഗ്രതയാണ് വേണ്ടത്.
- സാമൂഹിക വ്യാപനത്തിലേക്ക് കടക്കാതെ കോവിഡ് -19 നെ പ്രതിരോധിക്കേണ്ടത് പ്രധാനമാണ്. കാരണം സാമൂഹിക വ്യാപനത്തിലേക്ക് കടന്നാൽ രോഗാണുവാഹി ആരാണെന്ന് അറിയാൻ കഴിയാത്ത സാഹചര്യമുണ്ടാവും. അത്തരം സാഹചര്യം ഒഴിവാക്കുകയാണു പ്രധാനം. ആയതിനാൽ വിവാഹം, മതപരമായ ആഘോഷങ്ങൾ, ഉത്സവങ്ങൾ, മീറ്റിംങ്ങുകൾ എന്നിങ്ങനെ ആളുകൾ കൂട്ടം ചേരുന്ന സാഹചര്യങ്ങൾ ഒഴിവാക്കാൻ ബന്ധപ്പെട്ടവരെ പ്രേരിപ്പിക്കണം.

തുടർ പ്രവർത്തനങ്ങൾ നടപ്പിലാക്കാൻ ഓരോ തലത്തിലും ഉത്തരവാദിത്വങ്ങൾ വ്യക്തമാക്കി ഏൽപ്പിക്കണം. തദ്ദേശഭരണ പ്രദേശത്തിന് പൊതുവായും, ഓരോ വാർഡിനുമായി കൃത്യമായി നിർവ്വചിക്കണം.

a. തദ്ദേശ സ്വയം ഭരണ സ്ഥാപന ഭരണ സമിതി

തദ്ദേശ സ്ഥാപന തലത്തിലും വാർഡ് തലത്തിലുമുള്ള താഴെ സൂചിപ്പിക്കുന്ന ഉത്തരവാദിത്വങ്ങൾ ജനപ്രതിനിധികൾക്കും ഉദ്യോഗസ്ഥർക്കുമായി വിഭജിച്ച് നൽകണം .

i. ബോധവൽക്കരണ പ്രവർത്തനങ്ങൾ
ii. ബ്രെയ്ക്ക് ദി ചെയിൻ പ്രൊട്ടോക്കോൾ പാലിക്കുന്നുണ്ടെന്ന് ഉറപ്പാക്കൽ
iii. പരിസര ശുചിത്വം ഉറപ്പാക്കലും പകർച്ചാ വ്യാപനം തടയലും
iv. വാർഡ് അടിസ്ഥാനത്തിൽ ഹോം-ഐസൊലെഷൻ സംബന്ധിച്ച പ്രവർത്തനങ്ങൾ
v. ഭക്ഷ്യ ലഭ്യത ഉറപ്പാക്കൽ
vi. അംഗനവാടികളിൽ നിന്നുള്ള ഭക്ഷണ വിതരണം ഉറപ്പാക്കൽ
vii. മരുന്ന് ലഭ്യത ഉറപ്പാക്കൽ
viii. തൊഴിലുറപ്പ് പദ്ധതി പ്രവർത്തി സ്ഥലങ്ങളിലെ പ്രതിരോധ തയ്യാറെടുപ്പ് നിരീക്ഷിക്കൽ.
ix. വാർഡ് തല കമ്മ്യൂണിറ്റി ഗ്രൂപ്പ് രൂപീകരണം.
x. കോവിഡ് – 19 പ്രതിരോധ പ്രവർത്തനങ്ങളുടെ മൊത്തമായുള്ള മോണിട്ടറിംഗ്.
xi. പ്രാഥമിക ആരോഗ്യ കേന്ദ്രങ്ങളിൽ വൈകുന്നേരം 6 മണി വരെ ഒ.പി. ഉറപ്പാക്കാൻ കോൺട്രാക്റ്റ് വ്യവസ്ഥയിൽ ഒരു ഡോക്ടറുടെ കൂടി സേവനം ലഭ്യമാക്കുക.(റിട്ടയേർഡ് ഡോക്ടറുമാകാം).
xii. നാട്ടിൽ ആളുകൾ കൂട്ടം കൂടുന്ന സാഹചര്യങ്ങൾ ഒഴിവാക്കുക. പ്രത്യേകിച്ചും അതിഥി തൊഴിലാളികൾ ജോലിയില്ലാത്ത അവസരങ്ങളിൽ കവലകളിലും മറ്റും കൂട്ടം കൂടുന്ന സാഹചര്യം ഒഴിവാക്കുക.
xiii. വിവാഹങ്ങൾ മാറ്റി വെച്ചതിനെ തുടർന്ന് ആഡിറ്റോറിയങ്ങൾ ബുക്ക് ചെയ്ത അഡ്വാൻസ് തുക തിരിച്ചു നൽകാത്ത സാഹചര്യമുണ്ടെങ്കിൽ ഇടപെട്ട് പരിഹരിക്കുക.
xiv. ഐസൊലെഷനിൽ കഴിയേണ്ടി വരുന്നവരോടും, വിദേശ സഞ്ചാരികളോടും അനുകമ്പയോടെ പെരുമാറുന്നതിനും മാനസികമായ പിന്തുണ നൽകുന്നതിനാവശ്യമായ ബോധവൽക്കരണ പ്രവർത്തനങ്ങൾ സംഘടിപ്പിക്കുക . ‘അതിഥി ദേവോ ഭവ’ എന്നതായിരിക്കണം നമ്മുടെ സംസ്കാരം.

xv. പ്രതിരോധ പ്രവർത്തനങ്ങളുമായി ബന്ധപ്പെട്ടുള്ള സന്ദേശങ്ങൾക്കും, ആശയ വിനിമയത്തിനുമായി ആവശ്യാനുസൃതം Whatsapp group കൾ ഉണ്ടാക്കുകയും അവ ഉപയോഗിക്കുകയും ചെയ്യേണ്ടതാണ്.

b. **തദ്ദേശ സ്വയം ഭരണ സ്ഥാപന അദ്ധ്യക്ഷന്മാർ**

i. എല്ലാ പ്രതിരോധ പ്രവർത്തനങ്ങളുടെയും ദൈനംദിന മോണിട്ടറിംഗ്
ii. മുകളിൽ സൂചിപ്പിച്ച എല്ലാ ടീമുകളുടെയും, കമ്മിറ്റികളുടെയും പ്രവർത്തനങ്ങളുടെ മോണിട്ടറിംഗ്.
iii. പ്രതിരോധ സംവിധാനങ്ങളെ കണ്ടെത്തൽ/ സമാഹരിക്കൽ
iv. വിവര ലഭ്യത കൃത്യമാണെന്ന് എന്ന് ഉറപ്പാക്കൽ
v. പരാതി പരിഹാര സംവിധാനം ഉറപ്പാക്കൽ
vi. ദിവസേന വിവരങ്ങൾ അന്തിമാമാക്കലും അധികൃതരെ അറിയിക്കലും

c. **ആരോഗ്യ സ്റ്റാന്റിംഗ് കമ്മിറ്റി ചെയർപേഴ്സൺ**

i. ഹോം ഐസൊലേഷൻ സംബന്ധിച്ച ദൈനംദിന പ്രവർത്തനങ്ങൾ മേൽനോട്ടം വഹിക്കലും , പനി ബാധിത പ്രദേശങ്ങളോ / വീടുകളോ സംബന്ധിച്ച വിവരങ്ങൾ യഥാസമയം റിപ്പോർട്ട് ചെയ്യലും
ii. മെഡിക്കൽ റിസോഴ്സസിന്റെയും ആരോഗ്യ സംവിധാനങ്ങളുടെയും കണക്കെടുപ്പ്
iii. പരിസര ശുചീകരണം

d. **മെമ്പർമാർ**

i. എല്ലാ പ്രതിരോധ പ്രവർത്തനങ്ങളുടെയും വാർഡ് തല കോ-ഓർഡിനേഷൻ
ii. പ്രത്യേകം നിയോഗിക്കപ്പെട്ട കമ്മിറ്റികളിലെ പ്രവർത്തനം -കമ്മ്യൂണിറ്റി ഗ്രൂപ്പുൾപ്പെടെ

e. **തദ്ദേശ സ്വയം ഭരണ സ്ഥാപന സെക്രട്ടറിമാർ**

i. തദ്ദേശ സ്വയം ഭരണ സ്ഥാപനങ്ങൾ നിർണ്ണയിച്ച് നൽകിയ ഉത്തരവാദിത്വങ്ങൾ എല്ലാ ഉദ്യോഗസ്ഥരും നിറവേറ്റുന്നു എന്നുറപ്പാക്കുക
ii. തദ്ദേശ സ്വയം ഭരണ സ്ഥാപനത്തിനെ ഏൽപ്പിച്ച ഉത്തരവാദിത്വങ്ങൾ നിറവേറ്റുന്നതിനു ഉദ്യോഗസ്ഥന്മാർക്കും , റിസോഴ്സ് പേഴ്സൺമാർക്കും ചുമതലകൾ കൈമാറുക.
iii. പരാതി പരിഹാരം
iv. പ്രസിഡണ്ടിന്റെ അനുമതിയോടെ ദൈനംദിന പ്രവർത്തനങ്ങൾ റിപ്പോർട്ട് ചെയ്യേണ്ട ഫോർമാറ്റിൽ നൽകുക.
v. അടിയന്തര ശ്രദ്ധ പതിയേണ്ട പുതിയ വിവരങ്ങളും പ്രശ്നങ്ങളും സംബന്ധിച്ച് സർക്കാരിന് വിവരം കൈമാറുക.

കോവിഡ് -19 പ്രതിരോധ പ്രവർത്തനങ്ങളിൽ നമ്മുടെ നാടിനെ സംരക്ഷിക്കാൻ സംസ്ഥാന സർക്കാരിനും ആരോഗ്യ വകുപ്പിനും ഒപ്പം ചേർന്ന് ജനകീയ പ്രവർത്തനങ്ങൾക്ക് നേതൃത്വം നൽകാൻ തദ്ദേശ സ്വയം ഭരണ സ്ഥാപനങ്ങൾക്ക് കഴിയും. ടി പ്രവർത്തനങ്ങൾ കൃത്യമായി ആസൂത്രണം ചെയ്ത് നടപ്പാക്കുകയും, സമയാസമയം മോണിട്ടർ ചെയ്തു കൊണ്ട് റിപ്പോർട്ടിംഗ് ഉറപ്പാക്കുകയും വേണം.

അനുബന്ധം - 2

# കോവിഡ്- 19 പ്രതിരോധ പ്രവർത്തനങ്ങൾ

## തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്കുള്ള റിപ്പോർട്ടിംഗ് ടെമ്പ്ലേറ്റ്

തദ്ദേശ സ്വയം ഭരണ സ്ഥാപനത്തിന്റെ പേര്: ........................................................................................................

ജില്ല:-..........................................................................................................................................................

റിപ്പോർട്ട് ചെയ്യുന്ന തിയതി..................................................................................................................

| 1. വീട്ടുകളിൽ ഐസോലേഷണിൽ കഴിയുന്ന ആളുകളുടെ വിവരങ്ങൾ (ദിവസവും വിവരങ്ങൾ ശേഖരിച്ച് റിപ്പോർട്ട് ചെയ്യണം ) | | | | | | |
|---|---|---|---|---|---|---|
| വയസ്സ് | | തദ്ദേശ സ്ഥാപനം മോണിട്ടർ ചെയ്യുന്ന വീട്ടുകളിൽ ഐസോലേഷണിൽ കഴിയുന്ന ആളുകളുടെ എണ്ണം | ഈ തീയതിക്ക് പുതുതായി റിപ്പോർട്ട് ചെയ്യപ്പെട്ടിട്ടുള്ള കേസുകൾ | എത്ര പേർക്ക് ഭക്ഷണം ലഭ്യമാക്കിയിട്ടുണ്ട്? | എത്ര പേർക്ക് കൗൺസലിംഗ് നൽകിയിട്ടുണ്ട്? | വീട്ടുകളിൽ ഐസോലേഷൻ കാലാവധി പൂർത്തിയാക്കിയവർ എത്ര? |
| **മൊത്തം ആളുകൾ** | ആൺ | | | | | |
| | പെൺ | | | | | |
| | **ആകെ** | | | | | |
| **അതിൽ 0 – 6 വയസ്സ്** | ആൺ | | | | | |
| | പെൺ | | | | | |
| | **ആകെ** | | | | | |
| **65 വയസ്സിനു മുകളിൽ** | ആൺ | | | | | |
| | പെൺ | | | | | |
| | **ആകെ** | | | | | |

# കോവിഡ്- 19 പ്രതിരോധ പ്രവർത്തനങ്ങൾ

## തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്കുള്ള റിപ്പോർട്ടിംഗ് ടെമ്പ്ലേറ്റ്

തദ്ദേശ സ്വയം ഭരണ സ്ഥാപനത്തിന്റെ പേര്: ..........................................................................................................

ജില്ല:-..........................................................................................................................................................................

റിപ്പോർട്ട് ചെയ്യുന്ന തിയതി.................................................................................................................................

**2 . ബോധവൽക്കരണ പ്രവർത്തനങ്ങളിൽ പ്രത്യേക ശ്രദ്ധ ലഭിക്കേണ്ട വിഭാഗങ്ങളെ സംബന്ധിച്ച വിവരങ്ങൾ**
**(ദിവസവും വിവരങ്ങൾ ശേഖരിച്ച് റിപ്പോർട്ട് ചെയ്യണം )**

| | | എസ്.സി. എസ്.റ്റി | | വയോജനങ്ങൾ | സാന്ത്വന ചികിത്സയിലുള്ളവർ | തൊഴിലുറപ്പ് പദ്ധതി | | കെയർ ഹോമുകളിലെ അന്തേവാസികൾ | കുടുംബശ്രീ അയൽക്കൂട്ട അംഗങ്ങൾ | തീരദേശ വാസികൾ | ചേരികളിൽ വസിക്കുന്നവർ | അതിഥി തൊഴിലാളികൾ |
|---|---|---|---|---|---|---|---|---|---|---|---|---|
| | | കോളനികൾ/ ഊരുകൾ | ആളുകൾ | | | പണിസ്ഥലങ്ങൾ | ജോലി ചെയ്യുന്നവർ | | | | | |
| എണ്ണം | | | | | | | | | | | | |
| ബ്രേക്ക് ദ് ചെയിൻ ക്യാമ്പയിനിനെ കുറിച്ച് പ്രചാരണം നൽകിയവരുടെ എണ്ണം | ഇന്നെത്ര പേർക്ക് | | | | | | | | | | | |
| | ഇന്നുൾപ്പെടെ ആകെ | | | | | | | | | | | |

# കോവിഡ്- 19 പ്രതിരോധ പ്രവർത്തനങ്ങൾ

## തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്കുള്ള റിപ്പോർട്ടിംഗ് ടെമ്പ്ലേറ്റ്

തദ്ദേശ സ്വയം ഭരണ സ്ഥാപനത്തിന്റെ പേര്: ......................................................................................................

ജില്ല:-......................................................................................................................................................

റിപ്പോർട്ട് ചെയ്യുന്ന തിയതി.........................................................................................................................

| 3<br>ബ്രേക്ക് ദ് ചെയിൻ പ്രൊട്ടോക്കോളിന്റെ ഭാഗമായി പൊതു ഇടങ്ങളിൽ<br>കൈ കഴുകൽ കേന്ദ്രങ്ങൾ(സാനിറ്റൈസർ / സോപ്പ് ഉപയോഗിക്കൽ) ക്രമീകരിച്ചിട്ടുണ്ടോ?<br>(എല്ലാ തിങ്കളാഴ്ചയും റിപ്പോർട്ട് ചെയ്യണം).<br>ഇവിടങ്ങൾ വൃത്തിയായി സൂക്ഷിക്കുവാനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ടോ? | | | | | | | | | |
|---|---|---|---|---|---|---|---|---|---|
| | തദ്ദേശ സ്വയംഭരണ ഓഫീസുകളും അനുബന്ധ സ്ഥാപനങ്ങളും | മാർക്കറ്റുകളിൽ | മാളുകളിൽ | പൊതു സ്ഥാപനങ്ങളിൽ | സ്കൂളുകൾ / കോളേജുകളിൽ | ബസ് സ്റ്റാന്റുകളിൽ | ആഡിറ്റോറിയങ്ങളിൽ | സിനിമാ ഹാളുകളിൽ | ATM |
| ആകെ എണ്ണം | | | | | | | | | |
| കൈ കഴുകൽ (സാനിറ്റൈസർ സോപ്പ്/ ഉപയോഗിക്കൽ) ഉറപ്പാക്കിയവ | | | | | | | | | |
| പരിസര ശുചീകരണം ഉറപ്പാക്കിയവ | | | | | | | | | |

# കോവിഡ്- 19 പ്രതിരോധ പ്രവർത്തനങ്ങൾ

## തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്കുള്ള റിപ്പോർട്ടിംഗ് ടെമ്പ്ലേറ്റ്

തദ്ദേശ സ്വയം ഭരണ സ്ഥാപനത്തിന്റെ പേര്: ....................................................................................................

ജില്ല:-...................................................................................................................................................................

റിപ്പോർട്ട് ചെയ്യുന്ന തിയതി.............................................................................................................................

| 4<br>**ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി/അയ്യങ്കാളി തൊഴിലുറപ്പ് പദ്ധതി പ്രവർത്തനങ്ങളെ സംബന്ധിച്ച വിവരങ്ങൾ**<br>**(ദിവസവും വിവരങ്ങൾ ശേഖരിച്ച് റിപ്പോർട്ട് ചെയ്യണം )** | | | |
|---|---|---|---|
| നിലവിൽ എത്ര പ്രവർത്തി സ്ഥലങ്ങളിൽ തൊഴിലാളികൾ ജോലി ചെയ്യുന്നുണ്ട്? | ഇവയിൽ എല്ലാം കൂടി എത്ര തൊഴിലാളികൾ ജോലി ചെയ്യുന്നുണ്ട്? | എത്ര സ്ഥലത്ത് ശുചീകരണ സംവിധാനങ്ങൾ ഏർപ്പാടാക്കിയിട്ടുണ്ട്? | എത്ര സ്ഥലത്ത് ബോധവത്കരണ പ്രവർത്തനങ്ങൾ നടന്നിട്ടുണ്ട്? |
| | | | |
| | | | |
| | | | |
| | | | |
| | | | |

# തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്കുള്ള റിപ്പോർട്ടിംഗ് ടെമ്പ്ലേറ്റ്

തദ്ദേശ സ്വയം ഭരണ സ്ഥാപനത്തിന്റെ പേര്: ..............................................................................................

ജില്ല:-..............................................................................................................................................

റിപ്പോർട്ട് ചെയ്യുന്ന തിയതി.......................................................................................................................

| 5<br>പ്രത്യേക പരിഗണന നൽകേണ്ട വിഭാഗങ്ങൾ സംബന്ധിച്ച വിവരങ്ങൾ<br>(ദിവസവും വിവരങ്ങൾ ശേഖരിച്ച് റിപ്പോർട്ട് ചെയ്യണം ) | | | |
|---|---|---|---|
| വിഭാഗം | ആളുകളുടെ എണ്ണം | വീട്ടുകൾ സന്ദർശിച്ച് വിവരം ലഭ്യമായവരുടെയും ബോധവൽക്കരണം നടത്തിയവരുടെ എണ്ണം | ചികിത്സ ആവശ്യമുള്ളവരുടെ എണ്ണം |
| വയോജനങ്ങൾ | | | |
| സാന്ത്വന ചികിത്സയിലുള്ളവർ | | | |
| വിഭിന്ന ശേഷിയുള്ളവർ | | | |
| ഗർഭിണികൾ | | | |
| പട്ടിക ജാതി പട്ടിക വർഗ്ഗ വിഭാഗങ്ങൾ | | | |
| തീരദേശ വാസികൾ | | | |
| ചേരികളിൽ താമസിക്കുന്നവർ | | | |

| | | | |
|---|---|---|---|
| കെയർ ഹോമുകളിലെ അന്തേവാസികൾ | | | |
| തൊഴിലുറപ്പ് പദ്ധതി തൊഴിലാളികൾ | | | |
| അതിഥി തൊഴിലാളികൾ | | | |

# കോവിഡ്- 19 പ്രതിരോധ പ്രവർത്തനങ്ങൾ

## തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്കുള്ള റിപ്പോർട്ടിംഗ് ടെമ്പ്ലേറ്റ്

തദ്ദേശ സ്വയം ഭരണ സ്ഥാപനത്തിന്റെ പേര്: ..........................................................................................

ജില്ല:-...................................................................................................................................................

റിപ്പോർട്ട് ചെയ്യുന്ന തിയതി.............................................................................................................................

*(ഒറ്റ തവണ റിപ്പോർട്ട് ചെയ്യേണ്ട ഫോർമാറ്റ്)*

| 6.1<br>**പ്രതിരോധ സംവിധാനങ്ങളുടെ പട്ടികപ്പെടുത്തൽ**<br>**മെഡിക്കൽ റിസോഴ്സ് (സർക്കാർ /സർക്കാരേതരം)** | | | | | | | | |
|---|---|---|---|---|---|---|---|---|
| | ഡോക്ടർമാർ | നർസ്സ്മാർ | പാരാ മെഡിക്കൽ സ്റ്റാഫ് | ലാബ് ടെക്നീഷ്യൻ | മെഡിക്കൽ വിദ്യാർഥികൾ | പാലിയേറ്റീവ് കെയർ പ്രവർത്തകർ | എമർജൻസി റെസ്പോൺസ് ടീം അംഗങ്ങങ്ങൾ | പ്രായമായവരെ പരിചരിക്കുന്നതിൽ വൈദഗ്ദ്യം ലഭിച്ചവർ |
| ആകെ എണ്ണം | | | | | | | | |
| സന്നദ്ധ പ്രവർത്തനത്തിന് താല്പര്യമുള്ളവരുടെ എണ്ണം | | | | | | | | |

## കോവിഡ്- 19 പ്രതിരോധ പ്രവർത്തനങ്ങൾ

## തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്കുള്ള റിപ്പോർട്ടിംഗ് ടെമ്പ്ലേറ്റ്

തദ്ദേശ സ്വയം ഭരണ സ്ഥാപനത്തിന്റെ പേര്: ..........................................................................................................

ജില്ല:-..........................................................................................................................................

റിപ്പോർട്ട് ചെയ്യുന്ന തിയതി...........................................................................................................................

*(ഒറ്റ തവണ റിപ്പോർട്ട് ചെയ്യേണ്ട ഫോർമാറ്റ്)*

| 6 .2<br>പ്രതിരോധ സംവിധാനങ്ങളുടെ പട്ടികപ്പെടുത്തൽ<br>ആരോഗ്യ സ്ഥാപന സൗകര്യങ്ങൾ<br>(വാർഡ് അടിസ്ഥാനത്തിലുള്ള വിവരങ്ങൾ 6.2.1., 6.2.2., 6.2.3. എന്നിവയിൽ നിന്നും ക്രോഡീകരിച്ച് എഴുതുക) | | | | |
|---|---|---|---|---|
| ക്രമ നമ്പർ | സ്ഥാപനം / സൗകര്യങ്ങൾ | എണ്ണം | | |
| 1 | ആശുപത്രികൾ | പൊതു | സ്വകാര്യം | ആകെ |
| | | ............... | ................ | ................ |
| | | കിടക്കകൾ | കിടക്കകൾ | ആകെ |
| | | ................ | ................ | ................ |
| 2 | ഐ.സി.യു.കൾ | പൊതു | സ്വകാര്യം | ആകെ |
| | | ................ | ................ | ................ |
| | | കിടക്കകൾ | കിടക്കകൾ | |
| | | ................ | ................ | ................ |

| | | | | |
|---|---|---|---|---|
| 3 | വെന്റിലേറ്ററുകൾ | പൊതു | സ്വകാര്യം | ആകെ |
| | | ................ | ................ | ................ |
| 4 | എക്സറെ സൗകര്യങ്ങൾ | പൊതു | സ്വകാര്യം | ആകെ |
| | | ................ | ................ | ................ |
| 5 | സ്കാനിംഗ് സൗകര്യങ്ങൾ | പൊതു | സ്വകാര്യം | ആകെ |
| | | ................ | ................ | ................ |
| 6 | ഓക്സിജൻ സിലിണ്ടറുകളുടെ എണ്ണം | പൊതു | സ്വകാര്യം | ആകെ |
| | | ................ | ................ | ................ |
| 7 | ECG, EEG സൗകര്യങ്ങൾ | പൊതു | സ്വകാര്യം | ആകെ |
| | | ................ | ................ | ................ |
| 8 | ആംബുലൻസ് | പൊതു | സ്വകാര്യം | ആകെ |
| | | ................ | ................ | ................ |

6.2.1

## വാർഡ് തല പ്രതിരോധ സംവിധാനങ്ങളുടെ പട്ടികപ്പെടുത്തൽ

## ആശുപത്രികൾ

വാർഡ് നമ്പർ :......................

| ക്രമ നമ്പർ | ആശുപത്രിയുടെ പേര് (ഫോൺ നമ്പർ ഉൾപ്പെടെ) | ഉടമസ്ഥത (ടിക്ക് അടയാളപ്പെടുത്തുക) | | കിടക്കകളുടെ എണ്ണം | ICU ഉണ്ടെങ്കിൽ കിടക്കകളുടെ എണ്ണം | വെന്റിലേറ്ററുകളുടെ എണ്ണം | എക്സറെ സൗകര്യങ്ങൾ (ഉണ്ടെങ്കിൽ ടിക്ക് അടയാളപ്പെടുത്തുക) | സ്കാനിംഗ് സൗകര്യങ്ങൾ (ഉണ്ടെങ്കിൽ ടിക്ക് അടയാളപ്പെടുത്തുക) | ഓക്സിജൻ സിലിണ്ടറുകളുടെ എണ്ണം | ECG, EEG സൗകര്യങ്ങൾ (ഉണ്ടെങ്കിൽ ടിക്ക് അടയാളപ്പെടുത്തുക) |
|---|---|---|---|---|---|---|---|---|---|---|
| | | പൊതു | സ്വകാര്യം | | | | | | | |
| 1 | | | | | | | | | | |
| 2 | | | | | | | | | | |
| 3 | | | | | | | | | | |
| | | | | | | | | | | |
| | | | | | | | | | | |

6.2.2

## വാർഡ് തല പ്രതിരോധ സംവിധാനങ്ങളുടെ പട്ടികപ്പെടുത്തൽ

## ലാബോട്ടറികൾ /എക്സ്റേ യൂണിറ്റുകൾ

വാർഡ് നമ്പർ :......................

| ക്രമ നമ്പർ | യൂണിറ്റിന്റെ പേര് | ഫോൺ നമ്പർ | ഉടമസ്ഥത (ടിക്ക് അടയാളപ്പെടുത്തുക) | | എക്സ്റെ സൗകര്യങ്ങൾ (ഉണ്ടെങ്കിൽ ടിക്ക് അടയാളപ്പെടുത്തുക) | സ്കാനിംഗ് സൗകര്യങ്ങൾ (ഉണ്ടെങ്കിൽ ടിക്ക് അടയാളപ്പെടുത്തുക) | ഓക്സിജൻ സിലിണ്ടറുകളുടെ എണ്ണം | ECG, EEG സൗകര്യങ്ങൾ (ഉണ്ടെങ്കിൽ ടിക്ക് അടയാളപ്പെടുത്തുക) |
|---|---|---|---|---|---|---|---|---|
| | | | പൊതു | സ്വകാര്യം | | | | |
| 1 | | | | | | | | |
| 2 | | | | | | | | |
| 3 | | | | | | | | |
| | | | | | | | | |
| | | | | | | | | |
| | | | | | | | | |
| | | | | | | | | |
| | | | | | | | | |
| | | | | | | | | |
| | | | | | | | | |

6.2.3

## വാർഡ് തല പ്രതിരോധ സംവിധാനങ്ങളുടെ പട്ടികപ്പെടുത്തൽ

### ആംബുലൻസ് സംബന്ധിച്ച വിവരങ്ങൾ

വാർഡ് നമ്പർ :......................

| ക്രമ നമ്പർ | ആംബുലൻസ് നമ്പർ | ഉടമസ്ഥത (ടിക്ക് അടയാളപ്പെടുത്തുക) | | ബന്ധപ്പെടേണ്ട ആളുടെ പേരും ഫോൺ നമ്പർ | ആശുപത്രിയുടെ വകയാണെങ്കിൽ ആശുപത്രിയുടെ പേര് ഫോൺ നമ്പർ |
|---|---|---|---|---|---|
| | | പൊതു | സ്വകാര്യം | | |
| 1 | | | | | |
| 2 | | | | | |
| | | | | | |
| | | | | | |
| | | | | | |
| | | | | | |
| | | | | | |
| | | | | | |
| | | | | | |

## കോവിഡ്- 19 പ്രതിരോധ പ്രവർത്തനങ്ങൾ

## തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്കുള്ള റിപ്പോർട്ടിംഗ് ടെമ്പ്ലേറ്റ്

തദ്ദേശ സ്വയം ഭരണ സ്ഥാപനത്തിന്റെ പേര്: ................................................................................................

ജില്ല:-..........................................................................................................................................................

റിപ്പോർട്ട് ചെയ്യുന്ന തിയതി.......................................................................................................................

*(ഒറ്റ തവണ റിപ്പോർട്ട് ചെയ്യേണ്ട ഫോർമാറ്റ്)*

| 6.3<br>**പ്രതിരോധ സംവിധാനങ്ങളുടെ പട്ടികപ്പെടുത്തൽ**<br>**താമസ സൗകര്യങ്ങൾ**<br>(ഏതെങ്കിലും സാഹചര്യങ്ങളിൽ ഐസോലെഷനോ, താമസത്തിനോ ഉപയോഗിക്കാവുന്നവ)<br>*(വാർഡ് അടിസ്ഥാനത്തിലുള്ള വിവരങ്ങൾ 6.3.1 ൽ നിന്നും ക്രോഡീകരിച്ച് എഴുതുക) | | | | |
|---|---|---|---|---|
| ക്രമ നമ്പർ | സ്ഥാപനം / സൗകര്യങ്ങൾ | എണ്ണം | | |
| 1 | ഒഴിഞ്ഞു കിടക്കുന്ന ആശുപത്രികൾ | പൊതു | സ്വകാര്യം | ആകെ |
| | | ............... | ............... | ............... |
| | | കിടക്കകൾ | കിടക്കകൾ | ആകെ |
| | | ............... | ............... | ............... |
| 2 | ഹോസ്റ്റലുകൾ(വിദ്യാഭ്യാസ സ്ഥാപങ്ങളുടെയും മറ്റും) | പൊതു | സ്വകാര്യം | ആകെ |
| | | ............... | ............... | ............... |
| | | കിടക്കകൾ | കിടക്കകൾ | ആകെ |
| | | ............... | ............... | ............... |

| | | | | |
|---|---|---|---|---|
| 3 | പരിശീലന സ്ഥാപനങ്ങൾ | പൊതു | സ്വകാര്യം | ആകെ |
| | | ................ | ................ | ................ |
| | | കിടക്കകൾ | കിടക്കകൾ | ആകെ |
| | | ................ | ................ | ................ |
| 4 | ലോഡ്ജുകൾ | പൊതു | സ്വകാര്യം | ആകെ |
| | | ................ | ................ | ................ |
| | | കിടക്കകൾ | കിടക്കകൾ | ആകെ |
| | | ................ | ................ | ................ |
| 5 | താമസ സൗകര്യമുള്ള ഒഴിഞ്ഞു കിടക്കുന്ന വീടുകൾ, കെട്ടിടങ്ങൾ | പൊതു | സ്വകാര്യം | ആകെ |
| | | ................ | ................ | ................ |
| | | കിടക്കകൾ | കിടക്കകൾ | ആകെ |
| | | ................ | ................ | ................ |

6.3.1

## വാർഡ് തല പ്രതിരോധ സംവിധാനങ്ങളുടെ പട്ടികപ്പെടുത്തൽ

### a. താമസ സൗകര്യങ്ങൾ

(ഏതെങ്കിലും സാഹചര്യങ്ങളിൽ ഐസോലെഷനോ, താമസത്തിനോ ഉപയോഗിക്കാവുന്നവ)

**വാർഡ് നമ്പർ :.....................**

**കെട്ടിടത്തിന്റെ തരം :..................................................**

**(ഹോസ്റ്റലുകൾ(വിദ്യാഭ്യാസ സ്ഥാപങ്ങളുടെയും മറ്റും), പരിശീലന സ്ഥാപനങ്ങൾ, ലോഡ്ജുകൾ, ഒഴിഞ്ഞു കിടക്കുന്ന ആശുപത്രികൾ, താമസ സൗകര്യമുള്ള ഒഴിഞ്ഞു കിടക്കുന്ന വീടുകൾ, കെട്ടിടങ്ങൾ എന്നീ ഓരോ തരത്തിനും വെവ്വേറെ ഫോർമാറ്റ് ഉപയോഗിക്കുക)

| ക്രമ നമ്പർ | സ്ഥാപനത്തിന്റെ / വീടിന്റെ / കെട്ടിടത്തിന്റെ പേര് | ഉടമസ്ഥത (ടിക്ക് അടയാളപ്പെടുത്തുക) | | കിടക്കകളുടെ എണ്ണം | സ്ഥാപനത്തിന്റെ / ഉടമസ്ഥന്റെ ഫോൺ നമ്പർ |
|---|---|---|---|---|---|
| | | പൊതു | സ്വകാര്യം | | |
| 1 | | | | | |
| 2 | | | | | |
| | | | | | |
| | | | | | |
| | | | | | |